
കൊട്ടാരം ലേഖികയുടെ അഭിമുഖങ്ങൾ

(മഹാഭാരതപുനരാഖ്യാനം: ഭാഗം മുപ്പത്തിയേഴ്)

കെ പി നിർമ്മൽകുമാർ



കൊട്ടാരം ലേഖികയുടെ അഭിമുഖങ്ങൾ
കെ പി നിർമ്മൽകുമാർ
(മലയാളം: മഹാഭാരതപുനരാഖ്യാനം, ഭാഗം മുപ്പത്തിയേഴ്)

© 2015–2025, K P Nirmalkumar

The electronic versions have been created by making use of the production infrastructure of River Valley Technologies.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeLaTeX from TeXLive 2023 and the cloud framework, Ithal (ഇതൾ). The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

The electronic versions are released under the provisions of Creative Commons Attribution Non-commercial ShareAlike license for free download and usage.

Cover: Draupadi Dragged from her Chamber, a painting by Monro W D. The image is taken from Wikimedia Commons and is gratefully acknowledged.

Sayahna Foundation
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

കൊട്ടാരം ലേഖികയുടെ അഭിമുഖങ്ങൾ

— 37 —

“അപമാനിക്കപ്പെട്ട നിങ്ങൾ അന്ധരാജാവിന് മുന്നിൽ നമസ്കരിച്ചു അഭയം തേടിയോ?”, കൊട്ടാരം ലേഖിക ദ്രൗപദിയോട് ചോദിച്ചു, സഭാതല സംഭവങ്ങൾ ബന്ധപ്പെട്ടുമ്പോൾ അതു ഞാൻ വിട്ടുപോയി!.

“ഉടുതുണി അഴിഞ്ഞുപോയവർ എവിടെയെങ്കിലും വീണു നഗ്നത മറക്കണ്ടെ? അതിനു കാഴ്ച പരിമിതിക്കാരൻ രാജാവിന്റെ മുമ്പിൽ ഞാൻ വീണു, പക്ഷേ, ക്രോധത്തിന്റെ ചൂണ്ടുവിരൽ യുധിഷ്ഠിരന് നേരെ കൃത്യം ഉയർന്നു.”

◇ 2025/07/12 ◇

“വേട്ടമൃഗങ്ങളെ പോലെ കൗരവർ പാഞ്ചാലിയുടെ മേൽ ചാടിവീണ എന്നെ നിങ്ങൾ പറഞ്ഞു കേട്ടപ്പോൾ, ഞെട്ടാനാണ് തോന്നിയത്. ഭീഷ്മരുടെ നിരീക്ഷണത്തിൽ ആയിരുന്നില്ലേ കൗരവ കള്ളച്ചൂതും തുണിയഴിക്കലും രഹസ്യ ലക്ഷ്യങ്ങൾ നേടിയെടുത്തത്? ആ സന്ധ്യയിൽ വേട്ടമൃഗങ്ങൾ ‘ആശ്രമ മൃഗങ്ങൾ’ ആയിരുന്നോ? സിംഹാസനത്തിൽ നിവർന്നിരിക്കുമ്പോൾ തോന്നാത്ത നീതിബോധം എങ്ങനെ ശരശയ്യയിൽ പിതാമഹനുണ്ടായി?”, കൊട്ടാരം ലേഖിക ചോദിച്ചു. പാണ്ഡവസംഘം ഭീഷ്മരിൽ നിന്ന് രാഷ്ട്രതന്ത്രത്തിൽ ബാലപാഠങ്ങൾ നേടി ഹസ്തിനപുരിയിലേക്കു മടങ്ങാൻ കുരുക്ഷേത്ര മൈതാനത്തു തയ്യാറെടുക്കുന്ന ഇടവേള.

“ചട്ടപരിപാലനത്തിന്റെ പരിമിത ഉത്തരവാദിത്വം മാത്രം ധൃതരാഷ്ട്രർ എനിക്ക് തന്നപ്പോൾ, നീതിബോധത്തിന്നവിടെ എന്ത് സമ്മർദ്ദ പ്രസക്തി? ‘ഞാൻ അൽപ്പ വസ്ത്രം’ എന്ന് ദ്രൗപദി താക്കീതു പോലെ സഭയിൽ പറഞ്ഞപ്പോൾ, പ്രലോഭനമായെടുത്ത കൗരവപ്രതികരണത്തിൽ ഞാൻ കണ്ടത് പരിഷ്കൃത സമൂഹത്തെയല്ല പ്രകൃതിയുടെ ബലതന്ത്രത്തെ ആയിരുന്നു എന്ന അർത്ഥത്തിൽ, വേട്ടമൃഗ പ്രയോഗം എന്നെ ആലങ്കാരികമായി പറഞ്ഞത് നിങ്ങൾ പ്രത്യക്ഷത്തിൽ മുഖവിലക്കെടുത്തു! ഇത്രയൊക്കെ ഭാഷ ഉപയോഗിച്ചിട്ടും ആശയ വിനിമയസാമഗ്രി എത്ര അപര്യാപ്തം? അതൊക്കെ നോക്കുമ്പോൾ ഒന്നു പറഞ്ഞു രണ്ടാമതു ആയുധം പ്രയോഗിക്കുന്ന ഞങ്ങൾ എത്ര ലളിതജീവികൾ!”

“ഭാര്യയും സഹോദരന്മാരും കഴഞ്ഞുവീണു മരിച്ചിട്ടും, അന്ത്യനിമിഷങ്ങളിലേക്കും ചരമശ്രുശ്രൂഷയിലേക്കും തിരിഞ്ഞു നോക്കാതെ, കാൽ മുന്നോട്ടുതന്നെ വച്ച നിങ്ങൾക്കിപ്പോൾ, വാലാട്ടുന്ന ഒരു നാൽക്കാലി മാത്രമായോ കൂട്ട്?”, കൊട്ടാരം ലേഖിക യുധിഷ്ഠിരനോട് ചോദിച്ചു. മഹാപ്രസ്ഥാനം.

“നിന്ദ പറയാൻ ഒരു അനിഷ്ടക്കാഴ്ച? സഹോദരങ്ങളും ഭാര്യയും നഷ്ടപ്പെട്ട എനിക്കോ, അത്യന്നതങ്ങളിൽ സ്ഥിതി ചെയ്യുന്ന സ്വർഗ്ഗരാജ്യത്തിലേക്ക് വഴികാട്ടി. സ്വാർത്ഥസ്തീപാഞ്ചാലിയുടെ പരിദേവനങ്ങളോ, ദുർബല പാണ്ഡവരുടെ മാത്സര്യമോ തീണ്ടാത്ത സംതൃപ്തജീവി. നായക്കൊപ്പം ചെലവഴിക്കുമ്പോൾ മലഞ്ചെരിവാകെ പുഷ്പിച്ച മനോഹരതീരമാവും. നിങ്ങൾ വലിഞ്ഞു കയറി ഹൃദയന്തരാളത്തിലേക്കു എത്തിനോക്കും വരെ ഇരു കൈകളും മേലോട്ടുയർത്തി, ‘സ്വാഗതം, ആകാശചാരികളേ’ എന്ന് പ്രപഞ്ച പരിപാലകരെ ക്ഷണിച്ചുകൊണ്ടിരുന്നു. ഉള്ളിൽ നിറഞ്ഞിരുന്ന ശാന്തി ഒഴുകിപ്പോയത്, തുറന്ന പറയട്ടെ, നിങ്ങൾ വലിഞ്ഞു കയറിവന്നപ്പോൾ. എന്നെ വിട്ടു വന്നിടത്തിലേക്കു നീ മടങ്ങിപ്പോവുക, അല്ലെങ്കിൽ യമന്റെ സന്ദേശവാഹകൻ തനിനിറം കാണിക്കും!” ആകാശത്തു നിന്നൊരു പൊൻകോണി ഇറങ്ങിവരുന്നതു കണ്ട യുധിഷ്ഠിരൻ അതിൽപിടിച്ചു നാൽക്കാലിയുടെ ശിരസ്സിൽ വലതുകാൽ ബലംപിടിച്ചു വച്ചു ഉടൽ ധൃതിയിൽ ഉയർത്തി.

◇ 2025/07/14 ◇

“ഞാനും യുദ്ധകാര്യ ലേഖകനും കൂടി രാവിലെ മുതൽ കുരുക്ഷേത്ര ചുറ്റി നടന്നു കണ്ടു. എത്ര സൂക്ഷ്മമായ, അടിസ്ഥാന സൗകര്യ നിർമ്മിതി എന്ന് വിസ്മയിക്കാതെ മടങ്ങിവരാനാവില്ല. അപ്പോൾ നിങ്ങൾ യുദ്ധം ചെയ്യാൻ തന്നെ ഉറച്ചു? അക്ഷരാർത്ഥത്തിൽ ഒരു മഹാഭാരത യുദ്ധം തന്നെ അല്ലേ, എത്രയെത്ര ഭാഷകൾ സംസ്കാരങ്ങൾ?” കൊട്ടാരം ലേഖിക യുദ്ധഭൂമിയിലേക്കു ഒന്ന് കൂടി വിശാലമായി കണ്ണോടിച്ചു നോക്കി ദുര്യോധനനോട് ചോദിച്ചു. ഇരുവശത്തും സൈന്യങ്ങളുടെ പാളയങ്ങളിൽ ഗ്രാമീണ ഉത്സവത്തിന്റെ ശമിക്കാത്ത ആരവം നിറഞ്ഞിരുന്നു. ഹേമന്തത്തിലെ സൂര്യൻ മാത്രം പുകമറക്കുള്ളിൽ ഒളിഞ്ഞു.

“ഉദ്ദേശ്യലക്ഷ്യങ്ങൾ നേടിത്തരുന്ന വിധം ഫലപ്രദമായ യുദ്ധ വിജയത്തോടെ നിലവിൽ വരുന്ന സമാധാനകാലം—ആ ‘സാധ്യത’യാണെന്നെ അസ്വസ്ഥനാക്കുന്നത്.”

◇ 2025/07/16 ◇

“നിങ്ങളും വിദുരരും! ധൃതരാഷ്ട്രരുടെ ഇരുവശത്തു. നിങ്ങൾ ഇരിക്കുന്നു, വിദുരർ നിൽക്കുന്നു! എന്താണ് ഇരുവരും തമ്മിൽ ബന്ധം? അതോ, ഉത്തരവാദിത്വമില്ലാതെ അധികാരം ‘നൊട്ടിനുണയുന്ന’ ബന്ധം മാത്രമേയുള്ളു?”, കൊട്ടാരം ലേഖിക ഭീഷ്മരോട് ചോദിച്ചു.

“വെറുതെ ചോദിച്ചാലൊന്നും സംഗതി നിങ്ങൾക്ക് പിടികിട്ടില്ല. ഗംഗ ആരെന്നറിയണം. അവൾ വെറും ഒരു പുഴയല്ല എന്നറിയണം. ദേവനർത്തകി ഗംഗ എങ്ങനെ ശന്തനുവിനു ഭാര്യയായി, എങ്ങനെ ഞാൻ അവളുടെ എട്ടാമത്തെ മകനായെന്നറിയണം. ബ്രഹ്മചര്യം എനിക്കെങ്ങനെ ശാപമായി എന്നറിയണം. സത്യവതി ആരെന്നും, വിചിത്രവീര്യൻ വിവാഹം കഴിച്ച അംബികക്കും അംബാലികക്കും അവരുടെ അകാല വൈധവ്യത്തിൽ, മുനി വ്യാസനിൽനിന്ന് എന്തുകൊണ്ട് ഗർഭധാരണം വേണ്ടിവന്നു എന്നും അറിയണം. ദുരന്തമായി മാറിയ ‘വ്യാസബീജദാനം’ എങ്ങനെ അന്തഃപുരത്തിലെ രാജതോഴിയിൽ പക്ഷേ, അനുഗ്രഹീതസന്തതിക്കു കാരണമായി എന്നറിയണം, അതിൽ ജനിച്ച വിദുരർ എങ്ങനെ വിവേകത്തിന്റെ വക്താവായി എന്നറിയണം. ചുരുക്കിപ്പറഞ്ഞാൽ, വായിക്കാനും അന്വേഷിക്കാനും നിങ്ങൾ മെനക്കെടണം! കുരുവംശ ചരിത്രം ശന്തനുമുതൽ പഠിക്കണം. ചുവരെഴുത്തുകളിൽ സ്ഫോടജനക വാർത്ത എഴുതിയും മാച്ചും പത്രപ്രവർത്തനം നടത്തിയാൽ മാത്രം കിട്ടില്ല ഉത്കൃഷ്ടകഥാപാത്രങ്ങളുടെ രക്തരഹിതബന്ധവും രക്തരൂക്ഷിതമാവുന്ന അരമന ബന്ധനവും!”

◇ 2025/07/17 ◇

“അരങ്ങേറ്റദിനത്തിൽ തന്നെ അഭിജാതസദസ്സിനു മുമ്പിൽ, അംഗരാജാപദവി നേടിയ അഭിവന്ദ്യകർണ്ണനെ അനുമോദിക്കാതിരുന്നത്, സൂതപുത്രൻ കീഴാളനായതു കൊണ്ടാണെന്നു, ദുര്യോധന അനുജൻ ദുശ്ശാസനൻ രോഷത്തോടെ നിങ്ങളെ കരിവേഷമാക്കാൻ പ്രചരിപ്പിക്കുന്നല്ലോ. എങ്ങനെ പ്രതികരിക്കുന്നു?”, കൊട്ടാരം ലേഖിക ചോദിച്ചു.

“ആരുടെ അരങ്ങേറ്റം? ഗാന്ധാരയിലെ തക്ഷശില നടത്തിയ പഠനത്തിൽ ശ്രേഷ്ഠപദവി നേടിയ ദ്രോണഗുരുകുലത്തിലെ മികച്ച സൈനികവിദ്യാർത്ഥി എന്ന് ഗുരുദ്രോണർ സ്വയം മുദ്രചാർത്തിയ എന്നെ അനുമോദിക്കാൻ സന്മനസ്സില്ലാതെ ദുര്യോധനൻ കൽപ്പിച്ചു കൂട്ടി ഉണ്ടാക്കിയ പ്രഹസനമായിരുന്നില്ലേ, അംഗരാജാ കർണ്ണന്റെ കപടപട്ടാഭിഷേകം! ആ കൗരവനിർമ്മിത വിനോദ നാടകം, കർണ്ണൻ, അതിഭാവുകത്വത്തോടെ അഭിന’യിച്ചപ്പോൾ ഞങ്ങൾ, അഞ്ച കൗന്തെയർ അന്തസ്സായി മൗനം പാലിച്ചതാണോ കൗരവ പ്രചരണത്തിന്റെ കാതൽ? മടിശീലയിൽ, കളിപ്പാട്ടം വാങ്ങാൻ പോലും കാൽപണമില്ലാത്ത കൗമാര കൗരവർക്ക് എവിടെയോ കിടക്കുന്ന ആരുടെയോ അംഗരാജ്യം സമ്മാനിക്കാൻ നാണമില്ലെങ്കിൽ, കർണൻ ചോദിക്കേണ്ടേ, “അല്ല ആജീവനാന്തമിത്രമേ, അംഗരാജ്യത്തിന്റെ അടിയാധാരം ഒന്ന് കാണട്ടെ, ഭൂപടം ഉണ്ടെങ്കിൽ അതും!””

“നാളെ പുതുമാസം തുടങ്ങാൻ ഇരിക്കെ, ഇന്ന് സംക്രാന്തി, പരിശുദ്ധപാണ്ഡവമാതാവ് കുന്തിയെയും പടിയടച്ച് പുറത്താക്കുമോ പാണ്ഡവർ?”, കൊട്ടാരം ലേഖിക യുധിഷ്ഠിരനോട് ചോദിച്ചു. പാണ്ഡവഭരണ കാലം.

“കൗരവർ കുന്തിയെ ഏറെ കാലം ബന്ദിയാക്കി കൂടെ നിർത്തി, ഞങ്ങളുടെ നല്ല നടപ്പിന്, എല്ലാം അറിയാമല്ലോ. അക്കാലം കഴിഞ്ഞു, ഞങ്ങൾ യുദ്ധം ജയിച്ചധികാരത്തിൽ വന്നപ്പോൾ കുന്തി, പഴയകൂട്ടുംബ മാതാവ് രാജമാതാ സത്യവതിയെ പോലെ, കാര്യാലയത്തിലും കിടപ്പറയിലും ഇടപെടാൻ തുടങ്ങി! അമംഗളകൃത്യങ്ങളുടെ അമ്മ മഹാറാണി ആവാൻ ശ്രമം കണ്ടപ്പോൾ ഞങ്ങൾ അനുവദിച്ചില്ല. വാനപ്രസ്ഥം ഒരു മറുമരുന്നായി പ്രിയ സഹദേവൻ ചൂണ്ടിക്കാട്ടി. കൂട്ടിനു വിദുരർ, ധൃതരാഷ്ട്രർ, അങ്ങനെ ചിലർ, ഒറ്റക്കല്ല. അല്ലാ, എന്താണ് നിങ്ങളുടെ പ്രശ്നം?”

“പാണ്ഡുപുത്രന്മാർക്കും വേണം, കുരുവംശ സ്വത്തിൽ പങ്ക് എന്ന് വിലപേശാൻ പോയ കുടുംബസുഹൃത്ത് പിന്നെ എങ്ങനെ സ്ഥാവര സ്വത്തുക്കൾ, അഞ്ച് ഗ്രാമം അഞ്ച് വീട് സൂചികുത്താൻ ഇടം എന്നീ നിലയിലേക്ക്, കാര്യം ചുരുക്കി?”, കൊട്ടാരം ലേഖിക യുധിഷ്ഠിരനോട് ചോദിച്ചു. വിരാട സൈനിക പാളയം.

“അതാണ് പറഞ്ഞത്, കുടുംബ സുഹൃത്ത്, നീതിമാനായ മധ്യസ്ഥൻ കൂടി അല്ലേ. ആളോഹരി അർഹിക്കുന്നതല്ലേ കക്ഷികൾക്ക് വേണ്ടി വിലപേശൂ.”

◇ 2025/07/21 ◇

“ശിഖണ്ഡി വാളോങ്ങി മുന്നിൽ നിന്നപ്പോൾ, ‘കീഴടങ്ങി’ എന്ന അർത്ഥത്തിൽ പിതാമഹൻ ഇരുകൈകളും പൊക്കിയല്ലോ. ഇതാണോ കൗരവ സേനാപതിയുടെ സർവ്വ സംഹാരശക്തി?”, കൊട്ടാരം ലേഖിക ദുര്യോധനനോട് ചോദിച്ചു. കുരുക്ഷേത്ര.

“സമൂഹത്തിൽ പരസ്യമായും പ്രതിഷേധാർഹമായും അധിക്ഷേപം നേരിട്ട ഭിന്നലിംഗ ദുരവസ്ഥ, ലോക മനഃസാക്ഷിയിലേക്ക് എത്തിക്കാൻ, ശത്രുപക്ഷത്ത് നിയോഗിക്കപ്പെട്ട ഒരു പാവം മൂന്നാംലിംഗക്കാരിയുടെ മുമ്പിൽ, പ്രതീകാത്മക നിരായുധീകരണത്തിലൂടെ, ലോകശ്രദ്ധ ആകർഷിക്കാൻ ഭീഷ്മർക്ക് സാധിച്ചു എന്നതാണ് ഞങ്ങളുടെ ഇന്നത്തെ യുദ്ധനേട്ടം. അടുത്ത എട്ടു ദിവസത്തിനുള്ളിൽ, വിജയക്കൊടിയുമായി അധികാരമേറ്റെടുത്ത ഉടൻ, സമഗ്രലിംഗനയത്തിനു ഭീഷ്മനാമത്തിൽ ഞങ്ങൾ രൂപം കൊടുക്കും. അതേ എന്റെ ഭീഷ്മപ്രതിജ്ഞ “ദുഃഖാചരണമൊന്നും കാണുന്നില്ലല്ലോ.”, കൊട്ടാരം ലേഖിക ദുര്യോധനനോട് ചോദിച്ചു.”

“ആ മരണം ശരിക്കും ആഘോഷിക്കപ്പെടണം! മത്സ്യ ബന്ധനം ചെയ്താണവൾ അന്നന്നത്തെ അന്നം സമ്പാദിച്ചത്.

‘മീൻനാറുന്ന സത്യവതി’യെ ശന്തനു വിവാഹം കഴിച്ചു. ആരാണ് ഈ ശന്തനു? ദേവനർത്തകിയെ ഉപേക്ഷിച്ചവൻ രാജാവ് ശന്തനു എന്നുറക്കെ പറയണം ഈ ‘മഹനീയ വ്യക്തിത്വ’ത്തെ അടയാളപ്പെടുത്തുവാൻ. ‘വെപ്പാട്ടി’ സത്യവതിയെങ്ങനെ മഹാറാണിയും, രാജമാതാവുമായി? കുരുവംശപ്പൊലിമ നിലനിർത്തുവാൻ സ്വാധീനമുള്ള ചാലകശക്തിയായി? അങ്ങനെ വേണം നാം അവളെ വിലയിരുത്താൻ. ഒന്നേ ഞങ്ങൾക്കറിയൂ, കുലീനതയുടെ ജാടകളിൽ നിന്ന് രാജവംശത്തെ മീൻകാരിസത്യവതി രക്ഷിച്ചു. അതല്ലേ നൂറ്റാണ്ടുകളായിരം നാടുവാഴികൾ ഉള്ള ആര്യാവർത്തത്തിൽ ഹസ്തിനപുരി മാത്രം ഐതിഹാസിക മാനം കൈവരിച്ചത്?

‘സത്യവതി സാമൂഹ്യ വിപ്ലവത്തിന്റെ കാഹളം’ എന്നുച്ചരിച്ചതു വേറെ ആരുമല്ലല്ലോ, സാംസ്കാരിക നായകനായ ചാർവാകൻ അല്ലേ. മൽസ്യ ബന്ധനത്തെ ഹസ്തിനപുരിയുടെ ദേശീയ കൈതൊഴിലായി പ്രഖ്യാപിക്കാൻ ഉടൻ രാജസഭയിൽ പ്രമേയം അവതരിപ്പിക്കും. അതോടെ ഈ നാടിൻറെ കാർഷിക സംസ്കാരം ജലകേന്ദ്രിതമാവും. സത്യവതി കരിക്കട്ടയായി മാറി എന്നതൊരു ഭൗതിക യാഥാർഥ്യമായിരിക്കാം, എന്നാലവൾ ഞങ്ങൾക്കെന്നും നവോത്ഥാന നായിക! ആയിടം തട്ടിയെടുക്കാനാണ് പാഞ്ചാലിയുടെ നേതൃത്വത്തിൽ പാണ്ഡവർ കളിക്കുന്നത്. ചെറുക്കണം.”

◇ 2025/07/22 ◇

“അരക്കില്ലത്തിൽ നിങ്ങളെല്ലാം അഗ്നിക്കിരയായി എന്ന വാർത്ത തെറ്റായിരുന്നു എന്നറിഞ്ഞപ്പോൾ ഞങ്ങൾക്ക് ആശ്വാസമായി”, കൊട്ടാരം ലേഖിക പാണ്ഡവരെ പ്രാകൃത രൂപത്തിൽ എങ്കിലും, പാഞ്ചാലിസ്വയംവരത്തിൽ കണ്ടപ്പോൾ മുട്ടുകുത്തി വ്യാജമായി ക്ഷമചോദിച്ചു.

“അന്ന് നിങ്ങളെ പോലുള്ള പ്രമുഖ ചുവരെഴുത്ത് മാധ്യമങ്ങൾ തന്ന അനുകൂല ചരമഅനുസ്മരണങ്ങൾ ആയിരുന്നു, ഞങ്ങൾക്ക് ഈ സ്വയംവരത്തിൽ പങ്കെടുക്കാൻ ധൈര്യം തന്നത്. അതിനിരിക്കട്ടെ ഈ കുതിര പവൻ”, മാദ്രിപുത്രൻ നകുലൻ ഒരു കള്ളനാണയം കൊട്ടാരം ലേഖികക്ക് നീട്ടി.

◇ 2025/07/23 ◇

“എന്തു ചോദിച്ചാലും വിട്ട് പറയുന്നില്ല പാഞ്ചാലി. പാണ്ഡവരെ മാത്രം പഴി പറയും. എന്താ ഇങ്ങനെ?” കൊട്ടാരം ലേഖിക ചോദിച്ചു. വനവാസം.

“കള്ളച്ചൂതല്ലേ, അങ്ങനെ തുറന്നുപറയാൻ നിനക്ക് എന്താ മടി, നാവിറങ്ങിയോ എന്നു പാഞ്ചാലിയെ യുധിഷ്ഠിരൻ വെല്ലു വിളിച്ചു. എന്നാൽ മൗനം പാലിച്ച എപ്പോഴും പാഞ്ചാലി. പിന്നെയാണ് രഹസ്യം ഞാൻ പായക്കുട്ട് കിടക്കുമ്പോൾ അവളോട് ചോദിച്ചറിഞ്ഞത്. ദുര്യോധനൻ അവളെ വിലക്കിയിരുന്നു. ഹസ്തിനപുരി നിയമവ്യവസ്ഥയെ പാണ്ഡവർ വെല്ലുവിളിക്കുയാണ് എങ്കിൽ, വനവാസശിക്ഷ കൂടും. ആഹ്ലാദത്തോടെ വേണം ശിക്ഷ പൂർത്തിയാക്കാൻ. അങ്ങനെ പാഞ്ചാലി പീഡകരെ പിന്നെ രക്ഷകരായി പിന്തുണച്ചു. അവൾക്ക് പാചകഭാരം ഒഴിവാക്കാൻ അക്ഷയപാത്രം എന്നൊരു ചതിപ്പാത്രം സമ്മാനിച്ചു.” നകുലൻ അപമാനിതരുടെ ശബ്ദത്തിൽ പറഞ്ഞു. ജാലകത്തിന്നപ്പുറത്ത് കാൽപെരുമാറ്റം കേട്ട പോലെ പെട്ടെന്ന് മാറി.

“ഈ കാണുന്ന ചെങ്കോലിനു വേണ്ടിയായിരുന്നുവോ നിങ്ങളഞ്ചുപേരിത്രയും കൊടിയ വംശീയക്കൂട്ടക്കൊല കൗരവർക്കു നേരെ അഴിച്ചു വിട്ടത്?”, കൊട്ടാരം ലേഖിക നെറ്റുകയിൽ കൈവച്ചു. പട്ടാഭിഷേകം കഴിഞ്ഞു പുതിയ രാജാവ് ആശംസ സ്വീകരിക്കുന്ന പ്രഭാതം.

“പാണ്ഡവർ ഇത്തിരിയിടം തേടി പല്ലും നഖവും ആയുധമാക്കിയതാണോ കുരുക്ഷേത്ര യുദ്ധഭൂമി എന്നോമനപ്പേരിട്ടു നിങ്ങൾ മഹത്വപ്പെടുത്തുന്നത്?”, ചോരക്കറ പോകാത്ത യുധിഷ്ഠിരകൈ മുത്തി രാജസഭയിൽ നിന്നും പുറത്തു കടന്ന കൊട്ടാരം ലേഖികയെ നീരസത്തോടെ നകുലൻ നോക്കി.

◇ 2025/07/24 ◇

“ഭാര്യക്ക് മുമ്പിൽ കുമ്പസരിക്കുമ്പോൾ നിങ്ങൾ അവരുടെ മുഖത്ത് നോക്കില്ല എന്നു പാണ്ഡവർ ഖേദിക്കുന്നല്ലോ. നോക്കിയാൽ, എന്താ നഷ്ടം?,” കൊട്ടാരം ലേഖിക ചോദിച്ചു. ഇന്ദ്രപ്രസ്ഥം.

“ഹൃദയപൂർവ്വം നോക്കില്ല! ഭാര്യയുടെ ആത്മാർഥത പരീക്ഷിക്കുമ്പോൾ, അവർ എന്റെ കണ്ണുകൾ ചൂഴിഞ്ഞു നോക്കും. അവരുടെ കുടില ലക്ഷ്യം മനസ്സിലായപ്പോൾ, ഇടം വലം നോക്കാതെ ഒരു ചെരിഞ്ഞു നോട്ടത്താൽ അവരുടെ ചൂഴിഞ്ഞുനോട്ടം ഞാനിപ്പോൾ പൂ പോലെ നേരിടുന്നുണ്ട്.”

“ചതിച്ചുകൊന്ന കർണ്ണനു നിങ്ങൾ ബലിയിടുമോ?”, കൊട്ടാരം ലേഖിക അർജ്ജുനനോട് ചോദിച്ചു. കുളിച്ചു ഈറനുടുത്ത പാണ്ഡവർ കുന്തിയുടെ സാന്നിധ്യത്തിൽ, പുരോഹിതാജ്ഞക്കായി കാത്തു നിൽക്കുന്ന നേരം. പുണ്യനദിയിലെ ബലിയിടം.

“നിങ്ങൾക്കു ഭൗതികമായി മാത്രമേ ഈ ലോകത്തിൽ ചിന്തിക്കാനാവൂ എന്നുണ്ടോ? പോരാട്ടത്തിൽ സംഭവിക്കാവുന്ന ജീവഹാനി കർണ്ണന്റെ ഭൗതിക ശരീരത്തിനല്ലേ? രണ്ടിലൊരാൾ വധിക്കപ്പെടുന്നതൊക്കെ യുദ്ധത്തിൽ നാം കണ്ടു പരിചയിച്ചതല്ലേ? കൗന്തേയരെന്ന നിലയിൽ എനിക്കും കർണ്ണനും പ്രകൃതി തന്നത് ഒരേ മാതാവിന്റെ ജീവകോശമല്ലേ? പോരാട്ടവധത്തിൽ ഒതുങ്ങുമോ മനുഷ്യനേത്രങ്ങൾക്കു വഴങ്ങാത്ത സൂക്ഷ്മലോകം? കേവലമൊരു അധികാരതർക്കത്തിൽ അവസാനിക്കുമോ കർണ്ണനുമായുള്ള ജനിതകബന്ധം? മാരകായുധങ്ങൾ കൊണ്ട് ഉന്മൂലനം ചെയ്യാനാവുമോ അന്തമില്ലാ പ്രപഞ്ചത്തിൽ എന്നെന്നും ഒളിഞ്ഞും തെളിഞ്ഞും നിലനിൽക്കാൻ വിധിക്കപ്പെട്ട നാം മനുഷ്യാത്മാക്കൾ!”

◇ 2025/07/25 ◇

“എന്താണിപ്പോൾ ഞങ്ങളെ ഒന്നും അറിയിക്കാതെ ഒര സാധരണ സ്ഥാനത്യാഗം?”, കൊട്ടാരം ലേഖിക യുധിഷ്ഠിരനോട്ട് ചോദിച്ചു.

“പഞ്ചാംഗം ഇല്ല, സാക്ഷരത ഇല്ല, ബാല്യം മുതൽ വന വാസികൾ ആയിരുന്ന ഞങ്ങൾക്കു, കൊഴിഞ്ഞു പോവുന്ന ഓരോ കൊല്ലവും കൃത്യം കൂട്ടി വയസ്സു നിർണ്ണയിക്കാൻ ഒത്തില്ല എന്നതാണ് നേര്, തിരുവസ്ത്രം ധരിച്ചു ചെങ്കോൽ കയ്യിലെടുക്കുമ്പോൾ ഉള്ളിലൊരു കുട്ടി വിലപിക്കുന്നു, ‘നീ വൃദ്ധൻ വൃദ്ധൻ’! മുതിർന്നവരുടെ നിരീക്ഷണങ്ങൾ നാം സംശയിക്കാം, എന്നാൽ ഉൾവിളി! അത് കേൾക്കണം, ആരോടും യാത്രയില്ല. ആലോചിച്ചുനോക്കിയാൽ, കവി പാടിയ പോലെ, ഇതൊരു വഴിയമ്പലം, ഈ പാരാവാരം!”

◇ 2025/07/27 ◇

“ദാമ്പത്യബാഹ്യ സ്രോതസ്സുകളിൽ നിന്നാണ്, പാണ്ഡവ കുടുംബ നാമധാരികളുടെ ബീജസമ്പാദനമെന്ന കൗരവ പ്രചാരണം നിങ്ങൾ നിഷേധിച്ചതായി കാണുന്നില്ല. മക്കളുടെ ‘പാണ്ഡവത്വ’ത്തെ കുറിച്ച കൗരവആരോപണം അടിസ്ഥാനരഹിതമാണോ? അതോ, ശരിക്കും വസ്തുതാപരമോ?”, കൊട്ടാരം ലേഖിക, മൻമഹാറാണി കുന്തിയോട്ട് ചോദിച്ചു. വീതിച്ചുകിട്ടിയ ഖണ്ഡവപ്രസ്ഥത്തിലേക്ക് വിത്തും കൈക്കോട്ടും പാണ്ഡവരും പാഞ്ചാലിയും കുടിയേറ്റത്തിൽ പോയ സംഘർഷ കാലം.

“മാതൃത്വമായിരുന്നു ഏകലക്ഷ്യം. ബീജഉറവിടം ദാമ്പത്യത്തിന്റെ വ്യവസ്ഥാപിത അതിർത്തി കടക്കുന്നുവോ എന്ന ചോദ്യത്തിന്, അത്ര മതി ശരിയുത്തരം. ഭർത്താവിന്റെ ലൈംഗിക ക്ഷമതയെകുറിച്ച് ആദ്യരാത്രി മുതൽ സംശയം ഉണ്ടായെങ്കിലും, പാണ്ഡു, മഹാരാജാപദവി വഹിക്കുമ്പോൾ, ഷണ്ഡൻമുദ്ര കുത്തി വിവാഹമോചനം നേടാവുന്ന ഭൗതിക സാഹചര്യം ഉണ്ടായില്ല. ചെങ്കോൽ ധൃതരാഷ്ട്രർക്ക് കൊടുത്തു, പാണ്ഡു എന്നെ കൂടെ വലിച്ചുകൊണ്ട് പോയി. വനവാസത്തിൽ അങ്ങനെ വന്യപെൺഭാവന മാത്രം തുണച്ചു. ശാരീരികതയിൽ ഊന്നിയ ലൈംഗികാകർഷകത്വം പ്രയോജനപ്പെടുത്തി, പ്രലോഭനത്തിലൂടെ ഗഹനചാരികളെ ഞാൻ ക്ഷണിച്ചു, അപൂർവ്വയിനം സന്താനഭാഗ്യത്തിനു എന്തു കൊണ്ട് നീ ശ്രമിച്ചുകൂടാ? അതായിരുന്നു ഞാൻ നേരിട്ട ചോദ്യം. അഭിലാഷം ആവിധം പൂവണിഞ്ഞു, പാണ്ഡു മരിച്ചപ്പോൾ, ചിതയിൽ മാദ്രിയെയും സതിയായി എറിഞ്ഞു, അഞ്ച ആൺകുട്ടികളുമായി കോട്ടവാതിലിനു മുമ്പിൽ നിരാഹാരം കിടന്ന ഞാൻ ലോകശ്രദ്ധയാകർഷിച്ചു. കുന്തിരതിയുടെ വിസ്മയ കഥകൾ ‘സർഗാത്മക’മായി കൗരവർ മെനയുമ്പോഴും, ധൃതരാഷ്ടർ പാണ്ഡവ കുട്ടികളെ കുരുവംശ കുടുംബത്തിൽ ഉൾപ്പെടുത്തും വരെ, ശ്രമകരമായെങ്കിലും ഞാൻ മൗനം പാലിച്ചു. പാണ്ഡവർ ഖാണ്ഡവ പ്രസ്ഥത്തിലേക്കു പോയി കാട്ട് വെട്ടി സ്വന്തം നാടു സ്ഥാപിച്ചതോടെ, ഇതാ, വായ, ഞാൻ തുറക്കുന്നു! ഇനി നിങ്ങൾ രാജമാതാക്കളുടെ ഈറ്റില്ലത്തിൽ തെളിവ് പെറുക്കാൻ ചുറ്റിക്കറങ്ങുന്നത് കണ്ടാൽ!...” നഖമുള്ള ചൂണ്ടുവിരൽ കൊട്ടാരം ലേഖികയുടെ കണ്ണിനുനേരെ കുന്തി നീട്ടി! ഞെട്ടി, കൊട്ടാരം ലേഖിക പിന്മാറി.

“ജയദ്രഥനെ പാണ്ഡവർ ലൈംഗികാക്രമി എന്ന വ്യാജമുദ്ര കുത്തി, കൈകൾ കെട്ടി തലമൊട്ടയടിച്ച കഴുതപ്പുറത്തു കുന്നിന്മുകളിൽ നിന്നും ഇറക്കിവിടു എന്ന ആഖ്യാനം പുറത്തു വന്നിട്ടുണ്ട്. ആശങ്ക തോന്നുന്നില്ലേ?” കൊട്ടാരം ലേഖിക ദുര്യോധനനോട്ട് ചോദിച്ചു. പാണ്ഡവ വനവാസക്കാലം.

“സംശയകരമായി അപ്പോൾ എന്തോ ഉണ്ട്! സഹോദരിയും ജയദ്രഥഭാര്യയുമായ ദുശ്ശള ഞങ്ങളെ അറിയിച്ചത്, പെൺവേട്ടയിൽ കമ്പം കാണിക്കുന്ന ജയദ്രഥനെ പാഞ്ചാലി ‘തേൻകെണി’യിൽ വീഴ്ത്തി എന്നായിരുന്നു! അത്രയും, വിശ്വാസ്യതയുള്ള കാര്യങ്ങൾ. പക്ഷേ, അതു കൊണ്ടായില്ലല്ലോ. സംശയരോഗിഭീമൻ ഇടപെട്ട ജയദ്രഥനെ ‘സ്തീപീഡക’നായി അവതരിപ്പിക്കുന്നതിൽ വിജയം കണ്ടിരിക്കുന്നു. വനവാസം, ഒന്നു നേരിട്ട് പോയി കണ്ടറിയാൻ ഞങ്ങൾ ജയദ്രഥനെ അയച്ചതായിരുന്നു. പാണ്ഡവാശ്രമത്തിന്നരികെ, കെണിയിൽ വീഴ്ത്താൻ പാഞ്ചാലി, ‘തേൻകുടുക്ക’യായോ? ഞെട്ടിപ്പിയ്ക്കുന്ന കാര്യം! ജയദ്രഥനെവിളിച്ച കൊണ്ടുവന്ന അക്ഷയപാത്രത്തിൽ നിന്നും പാഞ്ചാലി ഭക്ഷണം വിളമ്പുമ്പോൾ തന്നെ ‘സ്വയംവസ്ത്രാക്ഷേപം’ ചെയ്ത അവനെ പ്രലോഭിപ്പിച്ച എന്നോ? പാഞ്ചാലിയുടെ ആതിഥേയത്വത്തിലും ഉടലഴകിലും ഭ്രമിച്ച പാണ്ഡവ കെണിയിൽ, ഈ കൊള്ളരുതാത്ത ജയദ്രഥൻ വീണു! വീഴ്ച വീഴ്ച തന്നെ. കൂട്ടുപലിശയടക്കം ഈ ബാധ്യത തീർക്കുന്ന നിയോഗം ഞാൻ ഏറ്റെടുത്തു.”

“എന്നെന്നേക്കുമായി നാടുവിട്ട പോവുന്ന യുധിഷ്ഠിര കുടുംബത്തെ അഭിമുഖം ചെയ്ത പ്രതികരണം തേടണമെന്ന് പറഞ്ഞിട്ടല്ലേ അത്യാവശ്യമായി ഞാൻ അവധിയിൽ പോയത്, തിരിച്ച വന്നപ്പോൾ ഇതാ, പാഞ്ചാലിയുടെ അഭിമുഖത്തിന്റെ ഒരു പനയോല മാത്രം! ബാക്കി ആണുങ്ങൾ അഞ്ച പേർ വാ തുറന്നില്ലേ? മുഖ്യപത്രാധിപരുടെ ആജ്ഞക്ക് എന്താ വിലയില്ലേ?”, ‘ഹസ്തിനപുരി പത്രിക’യിൽ തർക്കമുയർന്നു.

“മുഖാമുഖം സംസാരിച്ചു. ആണുങ്ങൾ അഞ്ച പേരുടെയും വാമൊഴി പ്രസിദ്ധീകരിക്കാൻ ഒരു തടസ്സമേ ഉള്ളു. വിശ്വാസയോഗ്യമല്ലാത്ത ന്യായീകരണങ്ങൾ. പാഞ്ചാലിയുടെ പ്രതികരണം പ്രസിദ്ധീകരിക്കാൻ പക്ഷേ, അവളുടെ വ്യക്തിഗത വിശ്വാസ്യയോഗ്യത മാത്രം! എന്തുവേണം? നിങ്ങൾ പറയൂ.”

“വെന്തുമരിച്ചത് നിങ്ങളാണെന്ന് കൌരവരെ തെറ്റിദ്ധരിപ്പിക്കാൻ, അരക്കില്ലത്തിൽ വന്ന ആദിവാസികളെ കുരുതിക്കുട്ടി തീയിട്ടു കൊല്ലുക അമ്മ കുന്തിയടക്കം നിങ്ങളാറു പേരെയും ഇതിനകം സാക്ഷികളുടെ അഭാവത്തിൽ, മനഃസാക്ഷി കുറ്റവിമുക്തരാക്കിയോ?”, വാനപ്രസ്ഥത്തിന് പടിയിറങ്ങുന്ന പാണ്ഡവരോട് കൊട്ടാരം ലേഖിക ചോദിച്ചു.

“ഞാനിപ്പോൾ വെറുക്കുന്ന വാക്കാണ് മനഃസാക്ഷി. ഏറെ കാലം മുഖംമൂടിയായി അത് ആഭരണം പോലെ പ്രദർശിപ്പിച്ചു. പക്ഷേ, പിന്നീട് വലിയ വില കൊടുത്തു. ഞങ്ങളുടെ ജീവചരിത്രം എഴുതുന്ന വ്യാസൻ, വിശദാംശങ്ങളിൽ വസ്തുതാപരമായ കരുതലോടെ ഓർക്കും.”

◇ 2025/07/28 ◇

“കർണ്ണന്റെ വിധവയും കൊച്ചുകുട്ടികളും ഭർതൃമാതാവായ കുന്തിക്ക് നഷ്ടപരിഹാരം ചോദിച്ച നിവേദനം തന്നിരുന്നോ?”, കൊട്ടാരം ലേഖിക മഹാരാജാവിനെ വരി നിന്നു ചോദിച്ചു.

“ചാരവകുപ്പ് മേധാവി നകുലൻ കണ്ടെത്തിയ വിവരം ഞട്ടിപ്പിക്കുന്നതു്. നേരത്തെ ഞങ്ങൾക്ക് അവിശ്വാസം ഉണ്ടായിരുന്നു. കർണ്ണനെ ദുര്യോധനനൻ അംഗരാജാവാക്കിയതു് ശ്രദ്ധതട്ടിപ്പിന് വേണ്ടി. ഇല്ലാത്ത രാജ്യം വല്ലാത്ത രാജാവു്! കർണ്ണവിധവ ഇക്കാര്യം അറിഞ്ഞിട്ടും, ഉള്ള കാര്യം വെളിപ്പെടുത്താതെ എക്കാലവും കബളിപ്പിച്ച് ഹസ്തിനപുരിക്ക് നഷ്ടം വരുത്തി. നിയമനടപടി നേരിടണം. ശിക്ഷ കഠിനം. അല്ലെങ്കിൽ രാജ്യം വിട്ടു തട്ടിപ്പ് രാജ്യമായ അംഗരാജ്യത്തിൽ അവർ കുടിയേറണം.”

“കൗരവചെവികളുടെ ‘ശ്രവണപരിധി’ക്കപ്പുറം, വനാന്തരത്തിൽ പണ്ഡവർക്കൊപ്പം നോട്ടപ്പുള്ളിയായി കഴിയുമ്പോഴും, നിങ്ങളെന്താ, ദുര്യോധനനെ ‘ഉടയോൻ’ എന്ന് പരാമർശിക്കുന്നതു്? വെറുപ്പോടെ വേണ്ടേ, കുപ്രസിദ്ധ ലൈംഗികാതിക്രമിയുടെ പേരുച്ചരിക്കാൻ?”, കൊട്ടാരം ലേഖിക ചോദിച്ചു. കാട്ടുകുടിലിൽ പാഞ്ചാലിയുടെ ‘പീഡനപർവ്വം’.

“കുടിലിനു ചുറ്റും പോയി കണ്ട സന്യസ്ഥാശ്രമങ്ങളിൽ രാപ്പകൽ വേവുന്നതു് ‘ശ്രദ്ധആത്മീയത’ ആണെന്ന് കരുതിയോ? ശ്രദ്ധവ്യക്തിത്വങ്ങളല്ലേ? കൗരവചാരൻ ഭക്ഷ്യവസ്തുക്കളും പൂജാസാമഗ്രികളും കൊണ്ടു് വരും, പാണ്ഡവവസതിയിലെ ‘ബഹുഭർത്തൃത്വ നാടക’ങ്ങൾ എന്തെന്നവരിൽനിന്നും. സന്യസ്തർ ഞങ്ങളുടെ തനി നിറം ചാരനെ അറിയിക്കുമ്പോൾ ഉടയോൻ എന്നല്ല ഉടമ എന്നും വിളിക്കൂ!”

“പാഞ്ചാലിക്ക് ആശ്വാസ വാക്കുകൾ കൈമാറാതെ, അവൾ എന്തോ അപരാധം ചെയ്തെന്ന രീതിയിൽ ആണല്ലോ പീഡനവിശകലനം?”, കൊട്ടാരം ലേഖിക നകുലനോടു് ചോദിച്ചു. നീണ്ട വനവാസയാത്ര.

“ഇപ്പൊൾ അവൾ ഒന്നും പറയാതെ പറയുന്നല്ലോ, പീഡനം ഉണ്ടായില്ല, ഇഷ്ടം ഉണ്ടെന്ന സൂചന മാത്രമേ, അരക്കെട്ടിൽ അവൻ കൈവച്ചപ്പോൾ ഉണ്ടായുള്ളൂ. ഭീമനുമ്പൊരു രാക്ഷസിയോടു് ഇഷ്ടം തോന്നിയപ്പോൾ, പ്രതിഷേധിച്ച രാക്ഷസരെ ഒക്കെ വകവരുത്തിയില്ലേ, നിങ്ങൾ, പാണ്ഡവർ. നവ വധുവായി നിങ്ങളുടെ കൂടെ ഇവിടെ ഞാൻ വരുമ്പോൾ, കൗരവർ എന്നിൽ ചൊരിഞ്ഞ ഇഷ്ടം, അതൊന്നും ഞാൻ മറക്കില്ല എന്നും പറഞ്ഞു പാഞ്ചാലി ഞങ്ങളോടു് ഇടഞ്ഞതാണ്.”

“ഇതെന്താ ചന്ദന സുഗന്ധവുമായി രാവിലെ തന്നെ വിസ്തരിച്ചൊരു തൈലാഭിഷേകം”, വിടർന്ന കണ്ണും പുരികവുമായി അത്യുക്തി കലർന്ന പരിഷ്കൃത ശരീരഭാഷയിൽ കൊട്ടാരം ലേഖിക ചോദിച്ചു.

“പാഞ്ചാലിക്കു പുരട്ടുവാൻ ഇളമുറ ഭർത്താക്കന്മാരുടെ പിതാക്കൾ അശ്വിനി ദേവതകൾ, സ്വർഗരാജ്യത്തിൽ നിന്ന് ഗന്ധർവൻ വഴി കൊടുത്തയച്ച സുഗന്ധ തൈലം, പക്ഷേ, അവൾ ഉപയോഗിക്കാതെ ദിവസങ്ങളോളം മാറ്റി വച്ചപ്പോൾ ഞാൻ ഒന്ന് തേച്ചു നോക്കി”, നീരാടാൻ അർജ്ജുനൻ ഒരു ജലജീവിയുടെ മെയ്യൊതുക്കത്തോടെ അരുവിയിലെക്കിറങ്ങി.

“ദേവചികിൽസകരായ അശ്വിനിദേവതകളുടെ ദിവ്യൗഷധം പാഞ്ചാലിക്കു വേണ്ടേ?”

“കൌരവച്ചോര പുരട്ടി കഴുകിയുണക്കാതെ അവളുടെ മുടിയിൽ ഒരെണ്ണക്കും പ്രവേശനമില്ല”, കട്ടപ്പിച്ച സ്വരത്തിൽ ഭീമൻ അരുവിയുടെ അപ്പുറത്ത് നിന്ന് മുരണ്ടു.

◇ 2025/07/29 ◇

“ഞെട്ടി ഉണരാറുണ്ടോ ഇപ്പോഴും, പ്രിയപ്പെട്ടവനെ ഓർത്തു?”, ഏകാന്തതയിൽ മഹാറാണി പഞ്ചാലി യോട് കൊട്ടാരം ലേഖിക ചോദിച്ചു. യുദ്ധാനന്തര ഹസ്തിനപുരി.

“പ്രണയിനിയെ കാത്തായിരുന്നില്ലേ അവൻ, കുരിരുട്ടിൽ നൃത്തമണ്ഡപ വിശ്രമ മുറിയിൽ തനിയെ ചെന്നത്? രതിക്ക് യോജിച്ച രഹസ്യ ഇടത്തിലേക്കവനെ ചതിയിൽ വിളിപ്പിച്ചത് ആരായിരുന്നു? ആരുടെ ദുഷ്പ്രേരണയിൽ ആണവനെ ഭീമൻ, ശ്വാസം മുട്ടിച്ചു കൊന്നത്? എങ്ങനെ ഘാതകൻ കൊലക്കുറ്റത്തിൽ നിന്ന് രക്ഷനേടി? പിന്നീട് കീചകചിതയിലേക്കു എന്നെ സതിയായി എറിയാൻ പാണ്ഡവരിൽ ആരാണ് ഉത്സാഹിച്ചത്? ഭീമ ഹസ്തങ്ങൾ വായും മൂക്കും പൊത്തിപ്പിടിച്ച കീചകനെ കൊല്ലുന്നതു വിഭാവന ചെയ്യുമ്പോൾ, കൊലപ്പുള്ളി ഭീമനെ പിൽക്കാലത്തു നിസ്സാരകാര്യങ്ങൾക്കു പോലും ശിക്ഷിച്ചിട്ടുണ്ട്. പാപം ചെയ്ത ആ കൈകൾ എന്നെ സ്പർശിക്കാൻ സമ്മതിക്കാതെ, അകന്നു മാറി ഞാൻ കിടന്നിട്ടുണ്ട്. എന്നിട്ടും, ശിക്ഷ പോരാ എന്ന് തോന്നും. അന്വേഷണബുദ്ധിയോടെ കാര്യം തിരക്കി ഒരുനാൾ വ്യാസൻ, രഹസ്യങ്ങൾ വായനക്കാരോട് തുറന്ന പറയുമോ? അതോ, നിങ്ങൾ, കൊട്ടാരം ലേഖിക തന്നെ കാര്യം കണ്ടെത്തി ഭാവിതലമുറയെ സത്യം അറിയിക്കുമോ?” വിരാടയിൽ കൊല്ലപ്പെട്ട കാമുകനെ ഓർത്തു പാഞ്ചാലി വിങ്ങി.

“നകുലനും സഹദേവനുമായി മുതിർന്ന മൂന്നു കൗന്തേയർക്ക് കുടിപ്പക ഉണ്ടെന്നു തോന്നുന്നല്ലോ പെരുമാറ്റം അടുത്തുനിന്നും കാണുമ്പോൾ? ഇളമുറയെങ്കിലും അർധസഹോദരർ അല്ലേ?”, കൊട്ടാരം ലേഖിക ചോദിച്ചു.

“അർധസഹോദരർ? പെറ്റതള്ളയും ബീജദാനിയും വെവ്വെറെ ആയ സഹോദരങ്ങൾ എങ്ങനെ അർദ്ധരും പൂർണരും ഒക്കെ ആവും? ബഹുഭർതൃത്വം ആചരിക്കുന്ന പാഞ്ചാലിയുടെ പായക്കുട്ടിൽ ഊഴപ്പങ്കാളി എന്ന നിലയിൽ ഞങ്ങൾ നിശാബന്ധിതരായി എന്നതല്ലേ കൂടുതൽ ശരി? ഒരു ദിവസം ഊഴമനുസരിച്ചു ഞാൻ അറയിൽ കയറിയപ്പോൾ നകുലനും സഹദേവനും അവൾക്കൊപ്പം, പായിൽ ഇരുവശങ്ങളിലും! എന്തുണ്ട് പാഞ്ചാലീ വിശേഷം, എന്ന് വെപ്രാളം മറച്ചു കുശലം ചോദിച്ചപ്പോൾ, “ഈ രണ്ടു മാദ്രിക്കുട്ടികളുടെ ഓരോ കുസൃതി” എന്ന് മധുര മധുരമായി പരാതി പറഞ്ഞു, അലസമായി ഉടുതുണി വാരിയുടുത്തു പാഞ്ചാലി മുറി വിട്ടിറങ്ങി. ആ നീണ്ടരാത്രി, മാദ്രേയരുടെ മത്സരപ്രകടനത്താൽ തകർന്നുടഞ്ഞത് എക്കാലവും നിങ്ങളുടെ ധാർമ്മികപിന്തുണയിൽ കെട്ടിപ്പൊക്കിയ എന്റെ ദുരഭിമാനമായിരുന്നു”, യുധിഷ്ഠിരൻ ഇരുകൈകളും കൊണ്ട് മുഖംപൊത്തി.

“കൗരവരാജവിധവകൾ എന്ന അവമതിസംജ്ഞയിൽ ഞങ്ങൾ നൂറു വനിതകളെ ഒതുക്കുന്നത് പാണ്ഡവർ ഉടനടി നിർത്തണമെന്ന് ദുര്യോധനവിധവ പൂക്കാര തെരുവ് പ്രകടനത്തിൽ ആഞ്ഞടിച്ചു. കാട്ടിൽ ജനിച്ചു വളർന്നു, ഇന്ദ്രപ്രസ്ഥത്തിൽ ഒരിടവേള ഒഴികെ കാട്ടിൽ മാത്രം ജീവിച്ച യുധിഷ്ഠിരനും കൂട്ടർക്കും ഹസ്തിനപുരിയുടെ നവസംവേദന ഭൂമികയുമായി ഇഴയടുപ്പം ഇല്ലെന്നു, കുറെയൊക്കെ സൗജന്യമായി കണ്ടാൽ പോലും, ഞങ്ങളെ ‘കുരുക്ഷേത്ര ഇരകൾ’ എന്ന വിശേഷണത്തിൽ കുറഞ്ഞ ഒന്നും ഞങ്ങൾക്ക് ഇന്ന് മുതൽ സ്വീകാര്യമല്ല. അധികാരദുർമോഹത്തിൽ കൌരവരെ കൂട്ടക്കൊലക്ക് വിധേയമാക്കിയ യുദ്ധ കുറ്റത്തിന് പാണ്ഡവർക്ക് വിധിക്കേണ്ടതു വധശിക്ഷയല്ലേ?”, പ്രതിഷേധത്തിൽ തുടങ്ങിയ പ്രഭാഷണം വിതുമ്പലിൽ അവസാനിച്ചു.

◇ 2025/07/30 ◇

“പച്ചത്തരുത്തും വന്മരക്കൂട്ടവും കാലങ്ങളായി പരിപാലിച്ച കൌരവമന്ദിരങ്ങളെ നോക്കൂ. വനപ്രകൃതിയെ സംരക്ഷിച്ചായിരുന്ന, വ്യത്യസ്ത ദേശരാഷ്ട്രങ്ങളിൽ നിന്നും ഹസ്തിനപുരിയിലേക്ക് വന്ന രാജവധുക്കൾ, ഹൃദ്യപ്രകൃതിയുടെ വിസ്മയദൃശ്യങ്ങളാൽ പൊട്ടിത്തരിച്ചതും, കുട്ടികൾക്കൊപ്പം നൃത്തം ചെയ്ത പൊട്ടിച്ചിരിച്ചതും. പാണ്ഡവഭരണകൂടം, കൌരവ കുടുംബങ്ങൾക്കെതിരെ കുരുക്ഷേത്രാനന്തര പ്രതികാരനടപടിയിൽ, രാജവിധവകളെ പാതിരാവിൽ കുടിയൊഴിച്ചു ആയുധപ്പുരയാക്കിയപ്പോൾ എന്ത് സംഭവിച്ചു? ‘ഹസ്തിനപുരി പത്രിക’ പനയോലകളിൽ രേഖപ്പെടുത്തിയ സമീപകാല ചരിത്രമുണ്ട്, എന്റെ കൂടെ വരൂ”, കൊട്ടാരം ലേഖിക, തക്ഷശിലയിൽ നിന്ന് വന്ന വിദ്യാർത്ഥികളോട്, പത്രിക കാര്യാലയ മന്ദിരത്തിലേക്ക വിരൽ ചൂണ്ടി. പെരുമരത്തിന്റെ മറവിൽ പാണ്ഡവ ചാരവകുപ്പ് മേധാവി, വിദ്യാർത്ഥികളുടെ പൊതുവിവരങ്ങൾ പനയോലയിൽ കുറിച്ചു.

“ഒരുപായസൂചന പോലെ അന്തരീക്ഷം ഇരുണ്ടു, മഴ കനത്തു. ഇരുന്നിടത്തു നിന്ന് അതേപടി ഉയർന്ന കൊട്ടാരം ലേഖിക ജാലകം പാതി തുറന്ന പുറത്തേക്കു നോക്കി. മഴ പെയ്യുമ്പോഴും അഞ്ച ആണുങ്ങൾ കൊട്ടാരം ഉദ്യാനത്തിൽ മണ്ണ് വെട്ടിയും വെള്ളം തിരിച്ചും ജോലി ചെയ്യുന്നു. അർദ്ധനഗ്നരായ ഈ ‘ദേവസന്തതി’കൾ പാഞ്ചാലിയുടെ ഭർത്താക്കന്മാർ ആയിരിക്കാം. ആരെ ബോധ്യപ്പെടുത്താനാണവർ ഇങ്ങനെ വ്യർത്ഥമായി മഴ നനഞ്ഞു വേല ചെയ്യുന്നത്. മുഖപരിചയമുള്ള കൌരവർ ആരെയും കാണാൻ ഉണ്ടായിരുന്നില്ല. സമയത്തിന്റെ വില കൌരവർക്കറിയാം. വെറുതെ മൂടിപ്പിടിച്ചിരുന്ന പാഞ്ചാലിയുടെ വിചാരണ എവിടെ എത്തി എന്ന വേവലാതിയെക്കാൾ, ദേഹാദ്ധ്വാനം ചെയ്യുക നല്ലതെന്നു പാണ്ഡവർ കരുതിയോ. ഭാര്യ ഇരയും അമ്മ പീഡകയും!”

“സത്യാവസ്ഥ പുറത്തു വരണം. വേണ്ടിവന്നാൽ പാണ്ഡവരെ വിളിച്ചുവരുത്തി വിസ്തരിക്കും. അവരിൽ ആരെങ്കിലും ‘അമ്മകന്തിയിൽ ചെയ്ത ദുഷ്പ്രേരണ കൊണ്ടാണോ അഞ്ചുപേർക്കും ജീവകാലം പായവിരിക്കാൻ പാഞ്ചാലിക്കു പണി കിട്ടിയത്? ഇനി എനിക്ക് പാഞ്ചാലിയിൽ നിന്നറിയേണ്ടത്, എന്ത് പരിഗണിച്ചാണ് ‘അഞ്ചുപേർ ഒരു ഭാരം’ എന്ന് നിങ്ങൾ നിശ്ചയിച്ചത്? അവർ നിൽക്കുന്നത് സ്വന്തം കാലിലല്ലേ. സൗകര്യമുണ്ടെങ്കിൽ കിടപ്പുമുറിയിൽ ഊഴം വച്ച്, കൂടെ കിടത്തിയാൽ പോരെ. അതോ, അവർ ഭാരിച്ച ഗാർഹിക ബാധ്യതയായി മാറുമെന്നു നിങ്ങൾ കരുതിയോ. അന്നന്നത്തെ അപ്പം ഉണ്ടാക്കേണ്ട ജോലിയൊന്നുമില്ലാത്ത നിങ്ങൾ രാജസ്ത്രീകൾക്കു, ബഹുഭർതൃത്വത്തിന്റെ ആസ്വാദന രതിവൈവിധ്യം ഒരാകർഷണമായി തോന്നേണ്ട?” ദുശ്ശള പരാതിക്കാരിയെ പിഴിയാൻ തന്നെ ആയിരുന്നു പുറപ്പാടെന്നു കൊട്ടാരം ലേഖികക്ക് തോന്നി.

“എന്റെ ഉള്ളിന്റെ ഉള്ളിൽ വരുന്ന ഇടിമിന്നലുകളും കൊടിർ കാറ്റുമല്ല വിചാരണയിൽ മൊഴിയാവേണ്ടത്. സ്ത്രീ എന്ന പരിഗണനയിൽ എന്റെ നിലപാടുകളാണ് അംഗീകരിക്കേണ്ടത്. അത്താഴ വിരുന്നിൽ എന്റെ അന്തർമണ്ഡലത്തിലേക്കു അശ്ലീലമായ ത്വരയോടെ കുതിച്ച കയറി ചോദിച്ച നിരവധി ചോദ്യങ്ങൾക്കു നേരെ ചൊവ്വേ മറുപടികളിലൊന്നാണ് ബഹുഭർത്തൃത്വം എന്റെ മുൻ അറിവും സമ്മതവുമില്ലാതെ അടിച്ചേൽപ്പിച്ചതിൽ കുന്തിക്ക് പങ്കുണ്ടെന്ന പരാതി. ഗംഗയാറൊഴുകുന്ന ആര്യാവർത്തത്തിലെ നിരവധി നാടുകളിൽ നിന്ന് കൂടിച്ചേരുന്നവർ പറയുന്ന ഭാഷയുള്ള വൈജാത്യം ആശയവിനിമയത്തെ എളുപ്പമാക്കില്ലെങ്കിലും, എന്റെ കാര്യത്തിൽ അസാധ്യമാക്കിയില്ല. കുന്തിയും കൗന്തേയരും എളുപ്പം കാര്യം മനസ്സിലാക്കി എങ്കിലും തീരുമാനം പുനഃപരിശോധിച്ചില്ല എന്നതും വസ്തുതയാണ്” പാഞ്ചാലി കുന്തിയെ നോക്കി ഒന്ന് പുഞ്ചിരിച്ചു. ഉടനടി ദുശ്ശള, കുന്തിയുടെ നേരെ വിരൽ ചൂണ്ടി,

“ഇരയും പീഡകയും തമ്മിൽ ന്യായാധിപ അറിയാത്ത വിനിമയം അരുത്. എന്തായിരുന്ന ബഹുഭർതൃത്വത്തെ കുറിച്ച് പുത്രവധുവിന്റെ വിവാദ പരസ്യനിലപാടിനോട് നിങ്ങൾ ഭർതൃമാതാവിന്റെ ഉടനടി പ്രതികരണം?” “അതിനു മുമ്പൊരു ക്രമപ്രശ്നം.”, കുന്തിയുടെ ശബ്ദം ആദ്യമായി ഉയർന്നു. ആടിയുലയുന്ന നിലവിളക്കിന്റെ വെളിച്ചത്തിൽ അവൾ ഒരു തീജ്വാല പോലെ കൊട്ടാരം ലേഖികക്ക് തോന്നി. ഒരിക്കൽ കുരുവംശാധിപനായിരുന്ന പാണ്ഡുവിനെ വനാശ്രമത്തിലെ പരുക്കൻ തറയിൽ കിടത്തി ഉറക്കി ഒന്നിലധികം ആകാശചാരികളുമായി വിവാഹേതരരതിബന്ധങ്ങൾ വർഷങ്ങളോളം തുടർന്ന പിഴച്ച പെണ്ണിന്റെ സൗന്ദര്യം ആ മുഖത്ത് കണ്ടു.

“സൈന്ധവനാടുവാഴി ജയദ്രഥൻ നിങ്ങളെ വിവാഹം കഴിച്ചു കൊണ്ടുപോയ ശേഷം നിങ്ങൾ ഇപ്പോഴും കുരുവംശ പൗരയാണോ? സൈന്ധവറാണി എന്ന നിലയിൽ ആ നാട്ടിലെ പൗരത്വം നിലനിർത്തുന്ന നിങ്ങൾ എങ്ങനെ ഹസ്തിനപുരിയിലെ ന്യായാധിപ പദവി വഹിക്കും? വിരുന്ന വന്ന ദിവസങ്ങൾക്കുള്ളിൽ മടങ്ങിപ്പോവേണ്ട നിങ്ങൾക്കെങ്ങനെ ഇവിടെ ഈ ഉന്നത പദവി കിട്ടി. ക്രമക്കേടല്ലേ നിങ്ങളുടെ ഈ വിചാരണ തുടക്കം മുതൽ തന്നെ. ഏതു രാജമുദ്ര കാണിച്ചു നിങ്ങൾ ഒച്ചവച്ചാലും തീരുമോ, യുക്തിക്കു നിരക്കാത്ത ഔദ്യോഗിക പദവിയെ കുറിച്ചുള്ള സംശയം. ന്യൂറോളം കൗരവ രാജവധുക്കൾ ഉള്ള ഈ മഹാനഗരത്തിൽ അവരിൽ ഒരാൾക്ക് വേണ്ടേ ന്യായമായും ഈ വനിതാവകാശ സംരക്ഷണത്തിന്റെ അത്യുന്നത പദവി കൊടുക്കാൻ. ഞാൻ അനധികൃത, ഞാൻ മാപ്പു ചോദിക്കുന്നു എന്നുച്ചരിച്ചു നിങ്ങൾ യോഗം പിരിച്ചുവിട്ട് വിനീതമായി ഇറങ്ങിപ്പോവണം” സഭ സ്തബ്ധമായി. കുന്തി ഉച്ചരിച്ച ഓരോ വാക്കും ദുശ്ശള കഴിയുന്നത്ര ശാന്തമായി കേൾക്കാൻ ശ്രമിച്ചു. കുന്തിക്കാരെറിഞ്ഞു കൊടുത്തു, ദുശ്ശളയെ കടിച്ചു തിന്നാൻ പാകത്തിൽ ഒരു ‘നായ’യെ എന്ന് കൊട്ടാരം ലേഖിക കൗതുകത്തോടെ തല ചൊറിഞ്ഞു.

“അതുകൊണ്ടു സംശയാലുക്കളുടെ മുമ്പിൽ സത്യസന്ധമായി ഞാൻ അടയാളപ്പെടുത്തട്ടെ, രണ്ടു സ്വതന്ത്ര രാജ്യങ്ങളുടെയും പരിപൂർണ പൗരാവകാശ സംരക്ഷണം എനിക്കുറപ്പു വരുത്തുന്ന അധികാരപത്രം കുരുവംശാധിപനും സൈന്ധവ നാടുവാഴിയും മുദ്ര വച്ച് ഒപ്പിട്ടത് ഇതാ. സാക്ഷരത ഉണ്ടെങ്കിൽ നേരിട്ട് വായിക്കാം, അല്ലെങ്കിൽ സാക്ഷരർ ആരെങ്കിലും പരിചയത്തിൽ ഉണ്ടെങ്കിൽ ആ വഴിയും. ഇതൊന്നുമല്ലെങ്കിൽ അതാ നിങ്ങൾക്കരികെ നിലത്തിരിക്കുന്ന ആ ‘ഹസ്തിനപുരം പത്രിക’ കൊട്ടാരം ലേഖിക വായിച്ചു അർഥം വിശദീകരിച്ചു തരും.”, ദുശ്ശള നാടകീയമായി അധികാരപത്രം ഉയർത്തിക്കാട്ടി.

“ഈ യോഗം പിരിയും മുമ്പ് സൗകര്യപ്പെട്ടാൽ നോക്കാം. അത്താഴവിരുന്നിലെ അനൗപചാരിക വർത്തമാനത്തിനിടയിൽ പാഞ്ചാലി നിങ്ങളുടെ കുത്തിക്കുത്തിയുള്ള ചോദ്യങ്ങൾക്കുള്ള മറുപടിയെന്ന നിലയിൽ പറഞ്ഞ കാര്യങ്ങൾ സാഹചര്യം മനസ്സിലാക്കാതെ പൊലിപ്പിച്ചു ഗാർഹിക പീഡനമാക്കി നിങ്ങൾ വിചാരണ ചെയ്യുന്നതിൽ എന്തിനും പോന്ന, വ്യാജ അധികാരപത്രങ്ങൾ പോലും ഉണ്ടാക്കാൻ പിടിപാടുള്ള ഒരു ഹീനസംഘം തന്നെയാണപ്പോൾ പിന്നിൽ പ്രവർത്തിക്കുന്നത് എന്ന് ഈ സഭയിൽ നിങ്ങളുടെ നാടകം കാണുന്ന ഓരോ സ്ത്രീക്കും ഇപ്പോൾ വ്യക്തമായി”, കുന്തി പറഞ്ഞു.

“അങ്ങനെ അപാകത ഒന്നും ഇല്ലല്ലോ”, നിന്ദ സൂചിപ്പിക്കുന്ന രീതിയിൽ, പൊലിപ്പിച്ച സരസഭാവത്തോടെ, ദുശ്ശള അത്യുക്തിയിൽ തിരിച്ചടിച്ചു. “കുറച്ചു കാലം നിങ്ങൾ ഹസ്തിനപുരി മഹാറാണി പദവി വഹിച്ചിരുന്നു എന്ന് വിദുരർ പറഞ്ഞു ഞങ്ങൾ കൗരവക്കുട്ടികൾ കേട്ടിട്ടുണ്ട്. നീതിനിർവഹണ കാര്യങ്ങൾ വേഗം മനസ്സിലാക്കും എന്നാണെന്റെ അനുമാനം. പുത്രവധുവിനു നേരെ സ്വകാര്യതയിൽ ഉച്ചരിച്ച വാക്കിൽ കുറ്റം മണത്താൽ പോലും വിചാരണക്ക് വഴി തുറക്കുമെന്ന് എന്റെ ഈ അധികാരപത്രത്തിൽ ഒപ്പിട്ട രാജാക്കന്മാർ എഴുതിയിട്ടുണ്ട്. പഴുതുകൾ അടച്ച പ്രമാണപത്രം എന്നർത്ഥം. സീമയില്ലാത്ത അന്വേഷണ പരിധി.” ന്യായാധിപയുടെ ഗൗരവത്തിൽ നിന്ന് കളിയിൽ പറക്കു പറയുന്ന പെൺകുട്ടിയിലേക്കു ദുശ്ശളയുടെ പതനം സഭയെ ഞെട്ടിപ്പിച്ചു എന്ന് ചുറ്റും കണ്ണോടിച്ച കൊട്ടാരം ലേഖിക കണ്ടു. ഉച്ചത്തിൽ ബഹളം വക്കാനാണവൾക്കു തോന്നിയത്. തൊഴിൽ മര്യാദ ദുശ്ശളക്കു തെറ്റിക്കാം, പത്ര പ്രവർത്തകർക്ക് പറ്റില്ല. തോന്നൽ അടക്കി എഴുനേറ്റ ജാലകക്കാഴ്ചക്കു ശ്രമിച്ചു. പുറത്തെ വിശാലമായ കൊട്ടാരം ഉദ്യാനം പ്രഭാതത്തിലും ഇരുണ്ടു പോവുന്ന രീതിയിൽ കാറ്റുമൂടി മഴ ശക്തമായി പെയ്യുന്നു. അത് നനഞ്ഞു പഞ്ചപാണ്ഡവർ ചാലുകീറി വെള്ളക്കെട്ട് നീക്കാൻ പരസ്പരം പഴിപറഞ്ഞു ശ്രമിക്കുന്നു. എന്താണവർ ദേഹാദ്ധ്വാനത്തിലൂടെ തെളിയിക്കാൻ ശ്രമിക്കുന്നതെന്ന് അവൾ സന്മനസ്സില്ലാതെ ആലോചിച്ചു. വ്യർത്ഥജീവിതങ്ങൾ. ഇവരെയൊക്കെ വച്ചാണോ ഭാവിയിൽ വ്യാസൻ ഇതിഹാസം രചിക്കുമെന്നു കൊട്ടിഘോഷിക്കുന്നത്.

“വ്യാജബ്രാഹ്മണവേഷം കെട്ടി നിങ്ങളും അഞ്ച മക്കളും പാഞ്ചാലയിൽ കഴിഞ്ഞ കുടിലിന്റെ വാതിൽ തള്ളിത്തുറന്നകത്തേക്കു വന്ന യുധിഷ്ഠിരൻ, മത്സരത്തിൽ സമ്മാനം കിട്ടി എന്ന് ഒരു പ്രത്യേക രീതിയിൽ പറഞ്ഞപ്പോൾ, വ്യക്തത പോരാ എന്ന് എന്തുകൊണ്ടു നിങ്ങൾ പറഞ്ഞില്ല? അർജ്ജുനൻ മത്സരത്തിൽ ജയിച്ച പാഞ്ചാലിയെ വിവാഹം ചെയ്ത എന്ന് യുധിഷ്ഠിരൻ അർഥശങ്കയില്ലാതെ പറഞ്ഞില്ല എന്നതിനേക്കാൾ ദുരൂഹമല്ലേ സമ്മാനം പതിവ് പോലെ വീതിച്ചെടുക്ക മക്കളെ, എന്ന് നിങ്ങൾ നിർദേശിച്ചത്? മൂത്ത മകനും അമ്മയും കൂടി പരസ്പരവഞ്ചനയുടെ തത്സമയം അഭിനയിച്ച നാടകത്തിൽ, ഇപ്പോൾ എന്റെ മുമ്പിൽ നിൽക്കുന്ന നിങ്ങളെയാണ് പരാതിക്കാരി പാഞ്ചാലി ഏകപ്രതിയാക്കിയിരിക്കുന്നത്. പാഞ്ചാലിയെ സംബന്ധിച്ച നിങ്ങളുടെ പ്രതികരണത്തിൽ അശ്രദ്ധ, ആലോചയുടെ അഭാവം, അവിവേകം ഇതോ ഇതിലപ്പുറമോ ഉള്ള വീഴ്ചയാണ് പാഞ്ചാലിയുടെ സ്വാഭിമാനം തകർത്ത ബഹുഭർതൃത്വ ദുരവസ്ഥക്ക് വഴിമരുന്നിട്ടത്. പുറം തിരിച്ചിരുന്ന പണി ചെയ്യുകയായിരുന്ന ഞാൻ യുധിഷ്ഠിരവാക്കുകൾ ഒരു വധുവിനെ കുറിച്ചാണ് സൂചിപ്പിച്ചതു എന്നറിയാതെ പോയി എന്ന് നിങ്ങൾ പലരോടും പറഞ്ഞു തലയൂരാൻ ശ്രമിച്ചിട്ടുണ്ട്. ഈ വിചാരണ അതിന്റെ ഉള്ളുറ തപ്പും. എന്ത് സമ്മാനമാണ് എന്ന് നിർജീവമായി ചോദിക്കാൻ പോലും തോന്നാത്ത അത്ര താൽപര്യക്കുറവ് ഒരമ്മ കാണിക്കാറുണ്ടോ, പുറത്തു പോയി മടങ്ങി വന്ന മൂത്ത മകൻ ധൃതിയിൽ വന്ന സംസാരിച്ചപ്പോൾ?”, ദുശ്ശള ഓരോ വാക്കിലും ചൂണ്ടുവിരലിന്റെ ആയുധ പ്രയോഗത്തിലൂടെ സംസാരിച്ചു.

“ഊട്ടുപുരയിൽ കരുതിയ ധാന്യം മുഴുവൻ അടിച്ചു പെറുക്കി വേവിച്ചതിന്നു, കുറെ തീറ്റിച്ചു. നാൽക്കാലികളെ വെട്ടി നുറുക്കി, കൊമ്പും കുളമ്പും മാത്രം നീക്കി. ഭക്ഷ്യയോഗ്യമായതെല്ലാം തിന്നു. മുറിവേറ്റ വീണവരുടെ മനുഷ്യമാംസം തിന്നുവേണോ, ജീവൻ നില നിർത്താൻ, പാതിജീവൻ പോയവർ വിലപിക്കുന്നു. ഇനിയെങ്കിലും നിങ്ങൾക്ക് തോൽവി സമ്മതിച്ചുകൂടെ?,” കൊട്ടാരം ലേഖിക ദുര്യോധനനോടു ചോദിച്ചു. കുരുക്ഷേത്ര.

“എന്റെ അവസാനശ്വാസം നിലക്കും വരെ, ചാവും കൊലയും തുടരും”.

“ಎಲ್ಲಾ ಕಡೆಯಿಂದಲೂ ಅಪಾಯ ಹೊಂಚು ಹಾಕಿ ಕುಳಿತಿರುವಾಗ ಇಂಥ ಸಂಕಷ್ಟದ ಸಮಯದಲ್ಲಿ ಅವನು ಹೇಗೆ ಬದುಕಿ ಉಳಿದ? ಅವನು ಈ ಕಾಡಿನಲ್ಲಿ ಎಷ್ಟು ದಿನ ಇದ್ದ? ಅವನಿಗೆ ಆಹಾರ ಎಲ್ಲಿಂದ ಸಿಗುತ್ತಿತ್ತು? ಅವನು ಯಾರಾದರೂ ಸಂಪರ್ಕಕ್ಕೆ ಬಂದಿದ್ದನೆ? ಅವನು ಯಾರಿಗಾದರೂ ಸಹಾಯ ಮಾಡಿದ್ದನೆ? ಅವನು ಯಾರಿಂದಾದರೂ ಸಹಾಯ ಪಡೆದಿದ್ದನೆ? ಅವನು ಯಾರಿಗಾದರೂ ಹೇಳಿದ್ದನೆ? ಅವನು ಯಾರಿಗಾದರೂ ಹೇಳಿದ್ದರೆ ಅವರು ಯಾರಿಗೆ ಹೇಳಿದ್ದರು

കെ പി നിർമ്മൽകുമാർ



കവി, നോവലിസ്റ്റ് , ചെറുകഥാകൃത്ത്. ആദ്യ കഥ “ഇരുമ്പിന്റെ സംഗീതം” മാതൃഭൂമി ആഴ്ചപ്പതിപ്പിൽ വന്നു. ആദ്യസമാഹാരമായ “ജലം” കേരളം സാഹിത്യ അക്കാഡമി അവാഡ് നേടി.

പ്രസിദ്ധീകരിച്ച പുസ്തകങ്ങൾ

കഥാസമാഹാരങ്ങൾ

1. ഒരു സംഘം അഭയാർത്ഥികൾ
2. കൃഷ്ണഗന്ധകജ്വാലകൾ
3. ചേലക്കരയുടെ അതീതസ്വപ്നങ്ങൾ
4. പ്രവീൺ നമ്പൂതിരിപ്പാട് പരാതി തുടരുന്നു
5. മാനാഞ്ചിറയിലെ പൊട്ടിച്ചിരിക്കുന്ന പത്രാധിപർ
6. തിരഞ്ഞെടുത്ത കഥകൾ

നോവൽ

1. ജനമേജയന്റെ ജിജ്ഞാസ
2. ഇന്നത്തെ അതിഥി അതീതശക്തി

പിൻകുറിപ്പ്

- മുപ്പതു മുതൽ നാല്പതു മിനിട്ടിനകം വായിച്ചു തീർക്കാവുന്ന ഉള്ളടക്കമാണ് സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകളിൽ ഉള്ളത്. ഇതു വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക്ടോപ് ആപ്ലിക്കേഷനുകളൊ ആവശ്യമില്ല.
- ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണു ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നത്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണ് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണ്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണ് ഇവയിൽ ഏറ്റവും മുന്തിയത്. അതുകൊണ്ട് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.
- സ്വതന്ത്രപ്രസാധനം ആഗ്രഹിക്കുന്ന/ഇഷ്ടപ്പെടുന്ന ആർക്കുവേണമെങ്കിലും സായാഹ്നയിലൂടെ സ്വന്തം കൃതികൾ പ്രസാധനം ചെയ്യാവുന്നതാണ്. 30 മുതൽ 60 മിനിട്ടുകൾക്കകം വായിച്ചുതീർക്കാവുന്ന ഉള്ളടക്കം – കഥകൾ, അനുഭവക്കുറിപ്പുകൾ, ലേഖനങ്ങൾ, അഭിമുഖങ്ങൾ, സിനിമാനിരൂപണങ്ങൾ, കവിതകൾ – എന്നു തുടങ്ങി എന്തുവേണമെങ്കിലും അയയ്ക്കാവുന്നതാണ്. അയയ്ക്കേണ്ട വിലാസം: <editors@sayahna.org>.
- പ്രതികരണങ്ങൾ <editors@sayahna.org> എന്ന ഇമെയിലിലേയ്ക്കോ, ഈ വെബ് പേജിൽ കമ്മന്റുകളായോ ചേർക്കുക. നിർദ്ദേശങ്ങളും വിമർശനങ്ങളും എപ്പോഴും സ്വീകാര്യമാണ്. അവ സായാഹ്നപ്രവർത്തകർക്ക് കൂടുതൽ ഉത്തേജനം നൽകുന്നതാണ്.

സായാഹ്ന ഫൗണ്ടേഷൻ, ജഗതി, തിരുവനന്തപുരം 695014